## II അടിയന്തരപ്രമേയം

പുരാവസ്തുക്കളുടെ മറവിൽ നടത്തിയ സാമ്പത്തിക ക്രമക്കേട്

മി. സ്പീക്കർ: പുരാവസ്തുക്കൾ എന്ന പേരിൽ വ്യാജ സാധനങ്ങൾ കൈമാറി കോടികളുടെ തട്ടിപ്പും സാമ്പത്തിക തിരിമറിയും നടത്തിയ വ്യക്തിക്ക് മുൻ പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സഹായം നൽകിയതുമൂലം സംസ്ഥാനത്തെ നിയമവാഴ്ചയെക്കുറിച്ച് പൊതുസമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പുരാവസ്തു എന്ന പേരിൽ വ്യാജസാധനങ്ങളുണ്ടാക്കി പ്രദർശിപ്പിച്ച് കോടികളുടെ തട്ടിപ്പും സാമ്പത്തിക തിരിമറിയും നടത്തിയ മോൻസൺ മാവുങ്കലിനെ സംബന്ധിച്ച് സർക്കാരിന് 06-09-2021-നാണ് പരാതി ലഭിച്ചത്. അതിന്റെയടിസ്ഥാനത്തിൽ 23-09-2021-ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയുണ്ടായി.

ഇക്കാര്യത്തിൽ മുൻകൂർ ജാമ്യം തേടി രക്ഷപ്പെടാനുള്ള പ്രതിയുടെ ശ്രമത്തെ കോടതിയിൽതന്നെ പ്രതിരോധിക്കുന്നതിനും പോലീസിന് കഴിഞ്ഞിട്ടുണ്ട്. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ 25-09-2021-ന് പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രതി ഇപ്പോഴും പോലീസിന്റെ കസ്റ്റഡിയിലാണ്. പുരാവസ്തുക്കൾ സൂക്ഷിക്കുന്ന എന്ന് കരുതപ്പെടുന്ന സ്ഥലത്ത് സ്വാഭാവികമായും ആളുകൾ സന്ദർശിക്കുക പതിവാണ്. ആരെല്ലാം സന്ദർശിച്ചുവെന്നും ആരെല്ലാം അവിടെ ദിവസങ്ങളോളം തങ്ങിയെന്നും ചികിത്സയ്ക്ക് വിധേയമായിയെന്നും അവകാശപ്പെടുന്നതുമെല്ലാം സഭയ്ക്ക് മാത്രമല്ല കേരളത്തിലെ ജനങ്ങൾക്കും അറിയാവുന്ന കാര്യമാണ്, അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ ഞാൻ കടക്കുന്നില്ല. ആരൊക്കെ എന്തിനൊക്കെ പോയി എന്നുള്ളത് പോലീസ് അന്വേഷിക്കേണ്ട കാര്യമാണ്. എന്നാൽ പ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിൽ പരാമർശിക്കുന്നതുപോലെ മുൻ ഡി.ജി.പി.യുടെ സന്ദർശനം കഴിഞ്ഞ ഉടനെ ഇവരുടെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് PHQ Letter No.T16005/2019 dtd.21-12-2019-ന് ഇന്റലിജന്റ്സിന് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഇന്റലിജന്റ്സ് ഇതുസംബന്ധിച്ച്

അന്വേഷിക്കുകയും സംസ്ഥാന പോലീസിന് റിപ്പോർട്ട് നൽകുകയും ചെയ്തു. ഇന്റലിജൻസ് ഓഫീസിൽനിന്നും ലഭിച്ച പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 05-02-2020-ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് D.O. Letter No.T16005/2019 PHQ എന്ന നമ്പർ പ്രകാരം കത്ത് നൽകിയതായാണ് റിപ്പോർട്ട് ലഭിച്ചിരിക്കുന്നത്. പ്രസ്തുത വ്യക്തിയെ സംബന്ധിച്ച് കൂടുതൽ അന്വേഷണത്തിലേയ്ക്ക് കടക്കുകയാണ് പോലീസ് ചെയ്തത് എന്നാണ് ഇതിൽനിന്നും വ്യക്തമാക്കുന്നത്. അല്ലാതെ സുഖചികിത്സയ്ക്ക് തങ്ങുകയല്ല ഉണ്ടായത്. ശബരിമലയിലെ ആചാരനുഷ്ഠാനങ്ങളെ സംബന്ധിച്ച ചെമ്പോല വ്യാജമായി ഉണ്ടാക്കി ജനങ്ങളെ കബളിപ്പിക്കാൻ സർക്കാർ ശ്രമിച്ചുവെന്ന വാദം വസ്തുതകളുമായി ബന്ധമില്ലാത്തതാണ്. ഇത്തരം കാര്യങ്ങളെല്ലാം അന്വേഷണത്തിന്റെ പരിധിയിൽ വരുന്നുവെന്നതിനാൽ അത് സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കാനാകില്ല. ഏതൊരു വ്യക്തിയും തന്റെ ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് പോലീസിന് പരാതി നൽകിയാൽ അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്ത് ഒരു പ്രത്യേക ശ്രദ്ധ പോലീസ് നൽകുക പതിവാണ്. പ്രത്യേകിച്ചും ഇത്തരം

സംശയങ്ങൾ നിലനിൽക്കുന്ന ഒരാൾ ഉൾക്കൊള്ളുന്ന മേഖല ശ്രദ്ധയിൽവയ്ക്കുക എന്നത് പോലീസ് സാധാരണ ചെയ്തുവരുന്ന നടപടിയുമാണ്. കേസ്സന്വേഷണത്തിന്റെ ഭാഗമായി ക്രൈം നം.260/2021, 261/2021, 262/2021, 263/2021 എന്നീ നമ്പറുകളിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ക്രൈം ബ്രാഞ്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ അടിസ്ഥാനത്തിൽ മോൻസൺ മാവുങ്കൽ സൂക്ഷിച്ചുവരുന്ന പുരാവസ്തുക്കളെ സംബന്ധിച്ചും DRDO രേഖകളെക്കുറിച്ചും അന്വേഷിക്കാൻ ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയോടും ആർക്കിയോളജിക്കൽ വകുപ്പിനോടും ഡി.ആർ.ഡി.ഒ.യോടും ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ഈ വകുപ്പുകളുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അവയെക്കുറിച്ചും അന്വേഷണം നടന്നുവരികയാണ്. അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ക്രൈം ബ്രാഞ്ച് ഐ.ജി. സ്പർജൻ കുമാറിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചുകൊണ്ട് കൂടുതൽ ഊർജ്ജിതമായ അന്വേഷണത്തിലേയ്ക്ക് സർക്കാർ കടക്കുന്നുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ എറണാകുളം മുളന്തുരുത്തി സ്വദേശിയായ ജോബ് പീറ്റർ എന്നയാൾക്ക് കാർ നൽകാമെന്ന് വാഗ്ദാനം ചെയ്ത് 1,43,000/- രൂപ

തട്ടിയെടുത്തതിന് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നം.145/2005 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാങ്കിൽ ലോൺ ഉണ്ടായിരുന്നാൽ കാർ നൽകാമെന്ന് വാഗ്ദാനം ചെയ്ത് 4 ലക്ഷം രൂപ തട്ടിയെടുത്തുവെന്ന പരാതിയിന്മേൽ പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം നം.193/2005 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുകൂടാതെ 25 കോടി രൂപ നൽകാമെന്ന് വാഗ്ദാനം ചെയ്ത് 6,27,00,000/- രൂപ തട്ടിയെടുത്തതായി പന്തളം സ്വദേശി രാജേന്ദ്രൻപിള്ളയുടെ പരാതിയിന്മേൽ പന്തളം പോലീസ് സ്റ്റേഷനിൽ ക്രൈം നം.1823/2020 പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലൈംഗിക പീഡനത്തിനിരയായ പെൺകുട്ടിയോട് കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഭീഷണിപ്പെടുത്തിയെന്ന പരാതിയിന്മേൽ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നം.210/2021 ആയി മറ്റൊരു കേസുമുൾപ്പെടെ നാല് കേസുകൾ മോൻസൺ മാവുങ്കലിനെതിരെ ലോക്കൽ പോലീസ് ഇതിനുപുറമെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് അന്വേഷണത്തിന്റെ പരിധിയിൽ നിൽക്കുന്ന ഇത്തരമൊരു വിഷയം ഈ ഘട്ടത്തിൽ നിയമസഭയിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നത് ഉചിതമാകില്ല എന്നാണ്

അറിയിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, സംസ്ഥാനത്തെ മുൻ പോലീസ് മേധാവിയുൾപ്പെടെയുള്ള ഉന്നത പോലീസുദ്യോഗസ്ഥർ, പുരാവസ്തു എന്ന പേരിൽ വ്യാജസാധനങ്ങൾ കൈമാറി കോടികളുടെ തട്ടിപ്പും സാമ്പത്തിക തിരിമറിയും നടത്തിയ മോൻസൺ മാവുങ്കൽ എന്ന വ്യക്തി നടത്തിയ ഞെട്ടിക്കുന്ന വിവരങ്ങൾക്ക് കാവൽ ഏർപ്പെടുത്തിയിരിക്കുന്ന ഒരു സാഹചര്യമാണുണ്ടായിരിക്കുന്നത്. ഈ രഹസ്യ വിവരം ഇന്റലിജന്റ്സ് വിഭാഗത്തിന് വർഷങ്ങൾക്കുമുൻപേ ലഭിച്ചിരുന്നു. എന്നാൽ ഇത് കണ്ടില്ലെന്ന് നടിക്കുകയാണ് പോലീസ് ചെയ്തത്. ഇന്റലിജന്റ്സ് അന്വേഷണം ആവശ്യപ്പെടുന്നതിന് ഏതാനും മാസംമുമ്പ് പോലീസ് മേധാവിയായിരുന്ന ശ്രീ. ലോക്നാഥ് ബെഹ്റ അടക്കം ശ്രീ. മോൻസൻ മാവുങ്കലിന്റെ വീട് സന്ദർശിക്കുകയും ഫോട്ടോയെടുക്കുകയും ചെയ്തിരുന്നു. ആ ഫോട്ടോകൾപോലും ശ്രീ. മോൻസൻ മാവുങ്കൽ ദുരുപയോഗം ചെയ്തുവെന്ന് പറയുന്നു. ഈ സന്ദർശനത്തിന് പിന്നാലെയാണ് അദ്ദേഹത്തിനെതിരെയുള്ള രഹസ്യ വിവരങ്ങൾ ലഭിച്ചതും ഇന്റലിജന്റ്സ് പരിശോധന ആവശ്യപ്പെടുന്നതുമെന്നാണ് വിവരം. എന്നാൽ പുരാവസ്തു വ്യാപാരത്തിന്

ലൈസൻസ്സില്ലാതെ തട്ടിപ്പുകാരനാണെന്ന് തെളിഞ്ഞതിനുശേഷവും ശ്രീ. മോൻസൻ മാവുങ്കലിന്റെ വീടിന് പോലീസ് സംരക്ഷണമൊരുക്കാൻ മുൻ പോലീസ് മേധാവി ഉത്തരവിട്ടുവെന്നത് ദുരൂഹമാണ്. പോലീസ് പെട്രോളിംഗും ഗേറ്റിലെ ബീറ്റ് ബോക്സ് സുരക്ഷയുമാണ് ശ്രീ. മോൻസൻ മാവുങ്കലിന്റെ വ്യാജ പുരാവസ്തു ശേഖരണത്തിന് പോലീസ് ഏർപ്പെടുത്തിയത്. ഇപ്പോൾ 10 കോടി രൂപ തട്ടിയെടുത്തുയെന്ന കേസ്സിൽ ശ്രീ. മോൻസൻ മാവുങ്കലിനെ അറസ്റ്റ് ചെയ്തിരിക്കുകയാണ്. 7 കോടി രൂപയോളം തട്ടിയെടുത്ത മറ്റൊരു പരാതിയും നിലവിലുണ്ട്. ശ്രീ. മോൻസൻ മാവുങ്കലിനെതിരെ ചേർത്തല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പരാതിയിൽ ഐ.ജി. അടക്കം ഇടപെട്ടുവെന്ന് തെളിഞ്ഞിരിക്കുന്നു. ശ്രീ. മോൻസൻ മാവുങ്കലിന്റെ വീട്ടിൽ പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള Defence Research and Development Organisation (DRDO) രേഖകൾ കണ്ടെത്തിയെന്ന ഞെട്ടിപ്പിക്കുന്ന വിവരവുമുണ്ട്. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ചെമ്പോല വ്യാജമായുണ്ടാക്കിയെന്നും ജനങ്ങളെ കബളിപ്പിക്കാൻ ഉപയോഗിച്ചുവെന്നും ഇതിനെ സർക്കാരും ദേശാഭിമാനിയും കൈരളിയും വലിയതോതിൽ

പ്രചരണം കൊടുത്ത് ശബരിമല വിഷയവുമായി ബന്ധപ്പെടുത്തി ദുരുപയോഗം ചെയ്തിട്ടുണ്ടോയെന്നുമൊക്കെയുള്ള ഗുരുതരമായ സംശയങ്ങളാണ് ഇന്ന് കേരള സമൂഹത്തിൽ ഉയർന്നുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ് തുടങ്ങിയത് 06-09-2021-ൽ മാത്രമാണ് ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടതെന്നാണ്. അപ്പോൾ അങ്ങ് വലിയൊരു കുറ്റം കൂടി ചെയ്തിരിക്കുകയാണ്. 22-05-2019-ലെ ഇന്റലിജന്റ്സ് എ.ഡി.ജി.പി.-യുടെ റിപ്പോർട്ട് താൻ കണ്ടിട്ടില്ലെന്നാണ് അദ്ദേഹം പറയുന്നത്. രണ്ട് വർഷം മുമ്പ് ഇത്രയും ഗുരുതരമായ ഒരു റിപ്പോർട്ട് അങ്ങേയ്ക്കോ അല്ലെങ്കിൽ അങ്ങയുടെ ഓഫീസിനോ കിട്ടിയിട്ട് അങ്ങ് പറയുന്ന 06-09-2021-നാണ് ഈ കാര്യം അറിയുന്നതെന്ന്. ഇത് സഭയിൽ ഞങ്ങളോടൊക്കെ പറയാൻ കൊള്ളാം പക്ഷെ ആളുകൾ വിശ്വസിക്കണമെന്ന് നിർബന്ധമില്ല. ഇന്റലിജന്റ്സ് അന്വേഷണം ആവശ്യപ്പെടുന്നതിന് ഏതാനും മാസം മുമ്പ് പോലീസ് മേധാവിയായിരുന്ന ശ്രീ. ലോക്നാഥ് ബെഹ്റ ശ്രീ. മോൻസൻ മാവുങ്കലിന്റെ വീട് സന്ദർശിച്ചിരുന്നു. അക്കാലത്ത് മലപ്പുറം എസ്.പി.- ആയിരുന്ന ഉദ്യോഗസ്ഥന്റെ വിവാഹത്തിൽ പങ്കെടുക്കാൻ

കൊച്ചിയിലെത്തിയപ്പോഴായിരുന്നു അത്. പോലീസ് ആസ്ഥാനത്ത് എ.ഡി.ജി.പി. ശ്രീ. മനോജ് എബ്രഹാമും ഒപ്പമുണ്ടായിരുന്നു. ആ ചിത്രങ്ങൾ ഇപ്പോൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. ഇതിന് പിന്നാലെയാണ് ശ്രീ. മോൻസൻ മാവുങ്കലിന്റെ രഹസ്യ വിവരങ്ങൾ ലഭിച്ചതും ഇന്റലിജന്റ്സ് പരിശോധന ആവശ്യപ്പെട്ടതുമെന്നാണ് വിവരം. ഒരു ലക്ഷം കോടി രൂപയിലധികം മൂല്യമുണ്ടെന്ന് അവകാശപ്പെട്ട് വ്യാജ പുരാവസ്തുക്കൾ കൈവശം വച്ചിരിക്കുന്ന അന്താരാഷ്ട്ര തട്ടിപ്പുകാരനാണെന്ന് എ.ഡി.ജി.പി. നൽകിയ റിപ്പോർട്ട് അല്ലെങ്കിൽ മുന്നറിയിപ്പിൽ ഡി.ജി.പി. ആയിരുന്ന ശ്രീ. ലോക്നാഥ് ബെഹ്റ ശ്രീ. മോൻസൻ മാവുങ്കലിന് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയത് ഈ റിപ്പോർട്ടിന് ശേഷമാണ്. ഇതിന്റെ നാൾവഴിയെന്താണെന്ന് ചോദിച്ചാൽ 2019 മേയ് 11-ന് എസ്.പി.-യുടെ വിവാഹത്തിന് വന്നിട്ട് ശ്രീ. ലോക്നാഥ് ബെഹ്റ ശ്രീ. മോൻസൻ മാവുങ്കലിന്റെ വീട്ടിലെത്തി. ശ്രീ. ലോക്നാഥ് ബെഹ്റ മോശയുടെ വടിയും പിടിച്ച് ടിപ്പു സുൽത്താന്റെ കസേരയിൽ ഇരിക്കുന്നു തൊട്ടടുത്ത് വാളും പരിചയും പിടിച്ച് ശ്രീ. മനോജ് എബ്രഹാമും നിൽക്കുന്നു.

(പത്ര വാർത്ത ഉയർത്തിക്കാട്ടി) (...ബഹളം....) ഇവരോട് മിണ്ടാതിരിക്കാൻ

പറയണം.

<u>മി. സ്പീക്കർ</u>: മൈക്ക് അങ്ങേയ്ക്കാണ്. അങ്ങ് സംസാരിക്കൂ. അദ്ദേഹം സംസാരിക്കട്ടെ തടസ്സപ്പെടുത്തേണ്ട.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, കോസ്മെറ്റിക്സ് സർജൻ എന്ന് അവകാശപ്പെടുന്ന ശ്രീ. മോൻസൻ മാവുങ്കൽ അന്താരാഷ്ട്ര തട്ടിപ്പുകാരനാണെന്ന് മേയ് 18-ന് എ.ഡി.ജി.പി.-യുടെ മുന്നറിയിപ്പ്. മേയ് 22-ന് വിശദമായി അന്വേഷിക്കുമെന്ന് ഇന്റലിജന്റ്സ് മേധാവിക്ക് എ.ഡി.ജി.പി.-യുടെ നിർദ്ദേശം. മേയ് 30-ന് അമൂല്യമായ പുരാവസ്തു ശേഖരങ്ങൾക്ക് മ്യൂസിയത്തിൽ പോലീസ് സംരക്ഷണം വേണമെന്ന് ശ്രീ. ലോക്നാഥ് ബെഹ്റയ്ക്ക് ശ്രീ. മോൻസൻ മാവുങ്കലിന്റെ കത്ത്. ജൂൺ 13-ന് പുരാവസ്തു ശേഖരങ്ങൾക്കും വീടിനും സംരക്ഷണം നൽകാൻ കൊച്ചി സിറ്റി പോലീസ് കമ്മീഷണർക്ക് ശ്രീ. ലോക്നാഥ് ബെഹ്റയുടെ ഉത്തരവ്. പകർപ്പ് ഇന്റലിജൻസ് മേധാവിക്കും. ജൂൺ 18-ന് ചേർത്തലയിലെ വീടിന് സംരക്ഷണം നൽകാൻ ശ്രീ. ലോക്നാഥ് ബെഹ്റയുടെ ഉത്തരവ്. അത് ഇന്റലിജന്റ്സ് മേധാവിക്കും. ചേർത്തലയിലെ വീടിന് സംരക്ഷണം നൽകാൻ ആലപ്പുഴ എസ്.പി.-ക്ക് നിർദ്ദേശം. പിന്നാലെ 2020 ജനുവരി-

ഫെബ്രുവരിയിൽ പുരാവസ്തു വ്യാപാരത്തിന് ലൈസൻസില്ലാത്ത തട്ടിപ്പുകാരനാണെന്നും സാമ്പത്തിക ഇടപാടുകൾ ദുരൂഹമാണെന്നുമുള്ള വിശദമായ ഇന്റലിജന്റ്സ് റിപ്പോർട്ട്. അടുത്തത് പുതിയ ഡി.ജി.പി.-ക്ക് ശ്രീ. മോൻസൻ മാവുങ്കൽ അവാർഡ് കൊടുക്കുന്നു. അടുത്തത് ലോക കേരള സഭയിലെ പ്രവാസി മലയാളി യുവതി പോലീസിനും ശ്രീ. മോൻസൻ മാവുങ്കലിനുമുള്ള ഇടനിലക്കാരിയായി പ്രവർത്തിച്ചുവെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. ഇറ്റലിയിൽ താമസിക്കുന്ന ഇവർ ലോക കേരള സഭയുടെ പ്രതിനിധിയാണ്. ലോക കേരള സഭയിലെ 350 പേരിൽ ഇറ്റലിയിൽനിന്ന് വന്ന ഏക വനിതയാണിവർ. സൈബർ സെക്യൂരിറ്റി കോൺഫറൻസ് കൊക്കൂണിൽ ഇവർ എങ്ങനെ പങ്കെടുക്കും, മുഖ്യമന്ത്രി? എറണാകുളം ഹയാത്തിൽ നടന്ന പോലീസിന്റെ ഏറ്റവും സുപ്രധാനമായ കൊക്കൂൺ മീറ്റിംഗിൽ എങ്ങനെയാണ് ഈ യുവതിയും ശ്രീ. മോൻസൻ മാവുങ്കലും പങ്കെടുക്കുക. നമ്മുടെ ഡി.ജി.പി.-യോടൊപ്പം ഏഴ് എസ്.പി.-മാരും രണ്ട് ഡി.ഐ.ജി.-മാരും രണ്ട് ഐ.ജി.-മാരും അദ്ദേഹത്തിന്റെതന്നെ സ്റ്റാഫ് പോലെ പ്രവർത്തിക്കുന്നുണ്ട്, ഇവരാരും പങ്കെടുത്തിട്ടില്ല. അവർക്കാർക്കും പ്രവേശിക്കാൻ കഴിയാത്ത കൊക്കൂൺ സമ്മേളനത്തിൽ

എങ്ങനെയാണ് ഇവർ പങ്കെടുക്കുക? ക്യാമറ, അംഗരക്ഷകർ, പോലീസ് കാവൽ, പോലീസ് പരാതിപ്പെട്ടി, ശബരിമല ചെമ്പോട് രേഖ, യേശുവിനെ ഒറ്റാൻ യൂദാസിന് കൊടുത്ത വെള്ളിക്കാശിന്റെ രണ്ടെണ്ണം, തിരുവസ്ത്രത്തിന്റെ ഒരു ചെറിയ കഷ്ണം, യേശു വെള്ളം വീഞ്ഞാക്കിയ കൽഭരണി, മോശയുടെ വടി, ഛത്രപതി ശിവാജിയുടെ സ്വകാര്യ ഭഗവത്ഗീത, ഔറംഗസേബിന്റെ മുദ്രമോതിരം, 4500 വർഷം പഴക്കമുള്ള ദാരുശിൽപം, ശ്രീനാരായണ ഗുരുവിന്റെ ഊന്നുവടി, 650 കി.ഗ്രാമുള്ള പഞ്ചലോഹം പൊതിഞ്ഞ നന്ദി ശിൽപം, മൈസൂർ കൊട്ടാരത്തിന്റെ ആധാരം, തിരുവിതാംകൂർ രാജാവിന്റെ ആധാരം ഇങ്ങനെ മുഴുവൻ തട്ടിപ്പാണ് ഇവിടെ നടന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, തട്ടിപ്പുകാരുടെ വിളയാട്ടം ഇവിടെ നടക്കുകയല്ലേ. അങ്ങയുടെ അഞ്ച് വർഷക്കാലത്തെ നിരവധി തട്ടിപ്പുകൾ പുറത്തുവന്നു. ശ്രീ. ഇ. പി. ജയരാജന്റെ ബന്ധു നിയമനം, ബ്രൂവറി-ഡിസ്റ്റിലറി അഴിമതി, സ്പ്രിംഗ്ലർ അഴിമതി, പമ്പാ മണൽ കടത്ത് അഴിമതി, ബെവ് ക്യൂ ആപ്പ്, ശ്രീ. കെ. ടി. ജലീലിന്റെ ബന്ധു നിയമനം, സ്വർണ്ണ കടത്ത്, ലൈഫ് മിഷൻ ഏതെങ്കിലും ഒന്നിന് അന്വേഷണം നടത്തി സത്യസന്ധമായ റിപ്പോർട്ട് ഈ സഭയ്ക്ക് കൊടുത്തോ! ജനങ്ങൾക്ക്

കൊടുത്തോ. (...ബഹളം....) ശ്രീ. എ. എൻ. ഷംസീറെ എന്നെകൊണ്ടൊന്നും പറയിപ്പിക്കരുത്.

മി. സ്പീക്കർ: അങ്ങോട്ടുനോക്കി സംസാരിച്ചാൽ പ്രലോഭനം കൂടും. ഇങ്ങോട്ടുനോക്കി സംസാരിക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ചെയർ അങ്ങോട്ട് നോക്കണം. അവിടെയൊന്ന് നിയന്ത്രിക്കാനും പഠിക്കണം.

മി. സ്പീക്കർ: അങ്ങ് അവരോടല്ല സംസാരിക്കേണ്ടത് ഇങ്ങോട്ടാണ്.

ശ്രീ. പി. ടി. തോമസ്: സർ, തട്ടിപ്പുകാരുടെ വിളയാട്ടക്കാലം ശ്രീ. പിണറായി വിജയന്റെ കാലമായി മാറുന്നു. തട്ടിപ്പുകാരെല്ലാം കറങ്ങിത്തിരിഞ്ഞ് അങ്ങയുടെ അടുത്തുതന്നെ വരുന്നത് എന്തുകൊണ്ടാണ്. മോശയുടെ വടിയും പിടിച്ച് ടിപ്പു സുൽത്താന്റെ കസേരയിൽ ഇരിക്കുന്ന അങ്ങയുടെ വിനീതവിനയൻ ശ്രീ. ലോക്നാഥ് ബെഹ്റയുടെ ശമ്പളം പുതുക്കി നിശ്ചയിക്കാനാണ് മെനിഞ്ഞാന്ന് 03.10.2021-ൽ അങ്ങ് ഈ ഒപ്പ് ഇട്ടിരിക്കുന്നത്. (ഓർഡർ ഉയർത്തിക്കാട്ടി) 03.10.2021-ൽ ശ്രീ. ലോക്നാഥ് ബെഹ്റയുടെ ശമ്പളം ലക്ഷകണക്കിന് രൂപ പുതുക്കികൊടുക്കുന്ന ഫയലിന് ഒപ്പിടുന്നതിനുപകരം അയാളെ പിടിച്ച്

പുറത്താക്കാൻ ഉത്തരവിടാൻ ആ കൈയ്ക്ക് കരുത്തുണ്ടാകണമായിരുന്നു. അത് അങ്ങ് ചെയ്തില്ല. എ.ജി.-യുടെ റിപ്പോർട്ട് വന്നു. 150 കോടി രൂപയുടെ പോലീസ് നവീകരണ പ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുണ്ടെന്ന് പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തിന്റെ സി ആന്റ് എ.ജി. റിപ്പോർട്ടുവന്ന പിറ്റേ ദിവസം അങ്ങ് ജുഡീഷ്യൽ അന്വേഷണമിട്ടല്ലോ. എന്തുകൊണ്ടാണ് ഈ ഡി.ജി.പി.-ക്കെതിരെ സി ആന്റ് എ.ജി. റിപ്പോർട്ടുവന്നിട്ട് അങ്ങ് കമ എന്നൊരു അക്ഷരം മിണ്ടാത്തത്. കേന്ദ്ര സർക്കാർ സി.ബി.ഐ. തലവനെ പുതിയതായി നിയമിക്കാൻ ആലോചിച്ചപ്പോൾ ശ്രീ. നരേന്ദ്ര മോദിയുടെ ഒന്നാം പേരുകാരനായിരുന്നു ശ്രീ. ലോക്നാഥ് ബെഹ്റ. സുപ്രീം കോടതി ഇടപെട്ടതുകൊണ്ട് നമ്മൾ രക്ഷപ്പെട്ടു. സി.ബി.ഐ. ഡയറക്ടറാകാൻ ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി.-യും സംഘപരിവാറും കണ്ടുപിടിച്ചയാൾ തന്നെ അങ്ങയുടെ ഏറ്റവും വലിയ വിശ്വസ്തനായി കെ.എം.ആർ.എൽ.-ൽ കുത്തിയിരിക്കുന്നതെങ്ങനെയാണ്. നിങ്ങൾ മറുപടി പറയണം. നിങ്ങൾ പറഞ്ഞാൽ അടുത്ത പറമ്പിൽപ്പോലും നിങ്ങളുടെ തല കാണില്ല. ചോദിക്കാൻ തന്റേടമുള്ളവർ ചോദിക്കണം.

<u>മി. സ്പീക്കർ:</u> ദയവായി അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: സി ആന്റ് എ.ജി. റിപ്പോർട്ടിൽ 150 കോടി രൂപയുടെ ആരോപണം പറഞ്ഞില്ലേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി. നിങ്ങൾ കമ എന്നൊരക്ഷരം പറഞ്ഞോ; ഞാൻ ചോദിക്കട്ടെ, പറയണമെങ്കിൽ പറയാം, എന്തുവേണമെങ്കിലും പറയാം. ശ്രീ. സുധാകരനൊന്നും മറച്ചുവയ്ക്കാനില്ല.

<u>മി. സ്പീക്കർ</u>: അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കൂ... ആവർത്തിച്ചാവർത്തിച്ച് ..... അങ്ങോട്ട് നോക്കി സംസാരിക്കണ്ട.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, യഥാർത്ഥത്തിൽ അങ്ങ് വലിയ കരുത്തനാണെന്ന് കേൾക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഞങ്ങളുടെ മുഖ്യമന്ത്രി കരുത്തനാണല്ലോ. അങ്ങ് കൈകൊണ്ട് ചെറിയൊരു ആംഗ്യം കാണിച്ചപ്പോൾ ശ്രീ. സുധാകരൻപ്പോലും പേടിച്ചുപോയിട്ടുണ്ട്. ശ്രീ. ലോക്നാഥ് ബെഹ്റ -യെ പുറത്താക്കുന്നതിനുവേണ്ടി, ആംഗ്യം കാണിച്ച കൈകൊണ്ട് ഒരു ഒപ്പിടാൻ സാധിക്കുമോ; അങ്ങ് കഴിഞ്ഞതിന്റെ മുമ്പിലത്തെ ദിവസം പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഗിരി പ്രഭാഷണം നടത്തിയല്ലോ. ഇതുപോലെ പോലീസിന്റെ വീഴ്ചയ്ക്ക് മാപ്പുപറഞ്ഞ ഏതെങ്കിലുമൊരു മുഖ്യമന്ത്രി കേരളത്തിലുണ്ടോ;

മി. സ്പീക്കർ: അങ്ങ് പ്രസംഗം അവസാനിപ്പിക്കൂ....

ശ്രീ. പി. ടി. തോമസ്: സർ, കെ.പി.സി.സി. പ്രസിഡന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. ശ്രീ. സുധാകരൻ സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞു. ഇവിടെയിരിക്കുന്ന പല മന്ത്രിമാരെ സംബന്ധിച്ച് ഞങ്ങൾ പറഞ്ഞിട്ടില്ലല്ലോ; ഞങ്ങൾ അങ്ങനെ പറയുന്നുമില്ല. അതുകൊണ്ട് ഞങ്ങൾ വ്യക്തമാക്കുന്നു, ശ്രീ. സുധാകരനെ നിങ്ങൾ സ്പുട്ട്നിക്കിൽ കയറ്റി ശൂന്യാകാശത്തേയ്ക്കൊന്നും അയയ്ക്കാൻ പോകുന്നില്ല. അതിനാൽ ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു. എനിക്ക് പ്രസംഗം അവസാനിപ്പിക്കാൻ അവസരം നൽകണം......ഒരു വാക്ക്.....ഒരു വാക്ക്....... (മൈക്ക് ഓഫ്)............(ബഹളം).....

മി. സ്പീക്കർ: അവസരം നൽകി.......(ബഹളം)........പത്ത് മിനിട്ട് തുടർച്ചയായി സമയം അനുവദിച്ചു. അതുകഴിഞ്ഞ് അദ്ദേഹത്തിന് ഒരുമിനിട്ടിൽ അധികം സമയം നൽകി. അങ്ങ് ഒറ്റവാചകം പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കൂ.......

ശ്രീ. പി. ടി. തോമസ്: സഭ നിർത്തിവച്ച് ഇക്കാര്യം സത്യസന്ധമായി ആളുകൾക്ക് ബോധ്യമാകുന്ന രീതിയിൽ അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരാൾ വലിയ തോതിൽ വ്യാജ പുരാവസ്തുക്കളുണ്ടാക്കി അതിന് കുറെയാളുകളെ പറ്റിച്ചുവെന്ന പ്രശ്നം, അങ്ങനെ കേണ്ടപ്പോൾ ചെന്ന് നോക്കിയവരുണ്ടാകും. അതോടൊപ്പം ഈ തട്ടിപ്പിന് കൂട്ടുനിന്ന ആളുകളുമുണ്ടാകും. ഒരുതട്ടിപ്പ് നടക്കുമ്പോൾ അത് തട്ടിപ്പാണെന്ന് അറിയാതെ ഒരു സ്ഥലത്ത് വലിയ പുരാവസ്തുക്കളൊക്കെയുണ്ടെന്ന് കേൾക്കുമ്പോൾ, കുറെ സംഗതികളെ സംബന്ധിച്ച് ശ്രീ. പി. ടി. തോമസ് പറഞ്ഞല്ലോ. അത് കാണാമെന്ന് വിചാരിച്ച് പോകുന്ന ആളുകളുണ്ട്. അതേസമയം ഇയാൾ ബോധപൂർവ്വം നടത്തിയ തട്ടിപ്പിന് സഹായം ചെയ്തുകൊടുത്ത ആളുകളും കാണും. ഇദ്ദേഹത്തിന്റെ ചെയ്തികൾക്കെതിരെയുള്ള പരാതി വന്നപ്പോൾ ആ പരാതിയിൽ പരാമർശിച്ചവരുണ്ട്. അതേതെങ്കിലും പോലീസ് ഉദ്യോഗസ്ഥനല്ല. ഇവിടെ വലിയ തുക പിടിച്ചുവച്ചിരിക്കുകയാണ് അത് റിലീസ് ചെയ്ത് കിട്ടണം. അതിന് ഡൽഹിയിൽ നിന്നും സഹായം ആവശ്യമുണ്ട്. അതിനുവേണ്ടി തൽക്കാലം 25 ലക്ഷം രൂപ കൊടുക്കണമെന്ന് കേൾക്കുമ്പോൾ അതിൽ ഒരാൾ വീഴുന്നു. വളരെ പ്രധാനപ്പെട്ട ഒരുവ്യക്തിയുടെ സാന്നിദ്ധ്യത്തിൽ പണം കൊടുക്കുന്നു.

അതിനെ സംബന്ധിച്ച് പരാതിക്കാരൻ ആളുടെ പേരുൾപ്പെടെ പരാതി നൽകിയിരിക്കുകയാണ്. അത് വ്യാജ നിർമ്മിതി കാണാൻ പോയതല്ല. അതിൽ കൃത്യമായി തട്ടിപ്പിന് കൂട്ടുനിൽക്കുന്ന അവസ്ഥയാണ് വരുന്നത്. അത്തരം കാര്യങ്ങളെ വേർതിരിച്ച് കാണേണ്ടതുണ്ട്. ഇപ്പോൾ കൃത്യമായ അന്വേഷണമാണ് നടക്കുന്നത്. അന്വേഷണത്തിന്റെ ഭാഗമായി ആരിലൊക്കെ എത്തണമോ അവരിലൊക്കെ അന്വേഷണമെത്തും. അതിന് ആരും അനാവശ്യമായി ധൃതിക്കാണിക്കേണ്ടതില്ല. നിയമം അതിന്റെ വഴിക്ക് പോകട്ടേ. അല്ലാതെ അന്വേഷണത്തിനെ സംബന്ധിച്ച് പരാതിയുണ്ടോ; ഒരുപരാതിയും അദ്ദേഹം പറഞ്ഞില്ല. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെത്തന്നെ ഇപ്പോൾ നിയമിച്ചിരിക്കുകയാണ്. അവരുടെ നേതൃത്വത്തിലാകും അന്വേഷണം നടത്താൻ പോകുന്നത്. അതിൽ പരാതിയുണ്ടോ; തട്ടിപ്പ് നടന്നാൽ ആതട്ടിപ്പ് പുറത്തുകൊണ്ടുവരുകയെന്നതാണ് പ്രധാനം. ഇവിടെ അദ്ദേഹം വലിയ തോതിൽ ശ്രമിച്ചത് ഇക്കാര്യത്തിൽ പോലീസിന് എന്തോ ഉത്തരവാദിത്തമുണ്ടെന്ന് സ്ഥാപിക്കാനാണ്. അദ്ദേഹം പറയുന്നതുപോലെ ഏതെങ്കിലും പോലിസ് സേനയിലുള്ള ഒരാൾ ഈകാര്യത്തിൽ

ചട്ടവിരുദ്ധമായോ അവിഹിതമായോ എന്തെങ്കിലും ചെയ്തിട്ടുണ്ടോ; എങ്കിൽ ഒരു ദാക്ഷണ്യവുമുണ്ടാകില്ല, അതിന്റെ ഭാഗമായുള്ള നടപടികളുണ്ടാകും. അക്കാര്യം കൃത്യമായി അന്വേഷണ സംഘം അന്വേഷിക്കുകയും ചെയ്യും. ആ അന്വേഷണത്തിൽ വിശ്വാസമില്ലെന്നുണ്ടെങ്കിൽ അതും വ്യക്തമാക്കണം. അതിപ്പോൾ അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. അങ്ങനെയൊരു വിശ്വാസക്കുറവുണ്ടെന്ന് തോന്നുന്നില്ല. പഴയ ചില കാര്യങ്ങൾപറഞ്ഞുവെന്ന് മാത്രം. അദ്ദേഹം മനസ്സിലാക്കേണ്ടത്, കേരളം കണ്ട വലിയ പുരാവസ്തു വ്യാജ നിർമ്മിതിയുടെ കാര്യത്തിൽ 2019 ജൂൺ 13-ന് സ്റ്റേറ്റ് പോലീസ് ചീഫ് ഇന്റലിജന്റ്സ് മേധാവിക്ക് കത്ത് അയയ്ക്കുന്നുണ്ട്. ആ കത്തിൽ, ഈ പറയുന്ന സാധനങ്ങൾ സൂക്ഷിച്ചതിനെക്കുറിച്ച് റിപ്പോർട്ട് വേണമെന്നാണ് ആവശ്യപ്പെട്ടത്. അത് T1 6005/2019/PHQ എന്ന കത്താണ്, ഇത് ജൂൺ 13-നാണ്. അതിന്റെ ഭാഗമായി 2019 നവംബർ 25-നാണ് എ.ഡി.ജി.പി. ഇന്റലിജന്റ്സ് സ്റ്റേറ്റ് പോലീസ് ചീഫിന് മറുപടി കൊടുക്കുന്നത്. അതിൽ ചില കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി നിർദ്ദേശിക്കുന്നുണ്ട്. അവിടെ ചെയ്ത കാര്യങ്ങളും പറയുന്നുണ്ട്. അതിനുശേഷം 21/12/2019-ന് ഇദ്ദേഹത്തിന്റെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ഡി.ജി.പി. & സ്റ്റേറ്റ് പോലീസ്

ചീഫ്, എ.ഡി.ജി.പി. ഇന്റലിജൻസിന് കത്തയയ്ക്കുന്നുണ്ട്. അതിന്റെ ഭാഗമായി അദ്ദേഹം വിശദമായ റിപ്പോർട്ട് 01-01-2020-ന് നൽകുന്നുണ്ട്. 2020 ജനുവരി 1-ന് 2019-ലെ കത്തടക്കം പ്രിഫർ ചെയ്തുകൊണ്ടാണ് ഈ കത്തിന് മറുപടി നൽകുന്നത്. അതിൽ കോസ്മോസ് ബ്യൂട്ടി ക്ലിനിക്കടക്കമുള്ള കാര്യങ്ങൾ പറയുന്നുണ്ട്. കോസ്മോസ് ഇപ്പോൾ എല്ലാവർക്കും അറിയാമല്ലോ; കോസ്മോസ് ചികിത്സയ്ക്കുപോയെന്നുപറഞ്ഞ് കാര്യങ്ങൾ പൊതുവിൽ വന്നതാണല്ലോ. കോസ്മറ്റിക്കാണ്, പക്ഷേ ഇതിൽ കാണുന്നത് കോസ്മോസ് ബ്യൂട്ടി ക്ലിനിക്കെന്നാണ്, അതാണ് ഞാൻ കോസ്മോസ് എന്നുപറഞ്ഞത്. ഇത് ജനുവരിയിൽ ലഭിച്ചതിനുശേഷം ഡി.ജി.പി. ഫ്രെബ്രുവരി 5-ാം തീയതി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കാനായി ഒരു കത്ത് നൽകിയിരുന്നു. അത്രയും കാര്യങ്ങൾ നടന്നതായിട്ടാണ് എന്റെ കയ്യിലുള്ള രേഖകൾ കാണിക്കുന്നത്. ആ തരത്തിലാണ് അതുമായി ബന്ധപ്പെട്ട റിപ്പോർട്ട്. ഇതിൽ ഇക്കാര്യങ്ങളെല്ലാം സമഗ്രമായി അന്വേഷിക്കേണ്ടതാണെങ്കിലും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണത്തിലേക്ക് കടന്നിട്ടില്ല. നമുക്ക് വിശദമായി അന്വേഷിക്കാം. അന്വേഷണ ഏജൻസി വിവിധ കാര്യങ്ങളിലേക്ക് ഇപ്പോൾത്തന്നെ

കടന്നിട്ടുണ്ട്. അക്കാര്യങ്ങൾ ഫലപ്രദമായി മുന്നോട്ടുപോകുന്നുവെന്നത് തന്നെയാണ് കാണാൻ സാധിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ശബരിമലയുമായി ബന്ധപ്പെട്ട ചെമ്പോലയുടെ കാര്യത്തിൽ സർക്കാരെന്ന നിലയ്ക്ക് ഇതേവരെ അദ്ദേഹം ആരോപിക്കുന്ന തരത്തിലുള്ള നിലപാടെടുത്തിട്ടില്ല. പിന്നെ എങ്ങനെയാണ് അദ്ദേഹത്തിന് അങ്ങനെയൊരു വിവരം ലഭിച്ചതെന്ന് എനിക്ക് പറയാൻ കഴിയില്ല. ഇവിടെ കൊച്ചിയിൽ ആര് പങ്കെടുത്തു, അവിടെ പങ്കെടുക്കാൻ ഇടയായതെന്താണ്; അതും ഇതുംതമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ അതും അവർ അന്വേഷിക്കട്ടെ. അന്വേഷിച്ച് കാര്യങ്ങളിൽ വ്യക്തത നമുക്കുണ്ടാക്കാം. ഇവിടെ നാം മനസ്സിലാക്കേണ്ട കാര്യം, ഇത്തരമൊരുകാര്യം പരിശോധിക്കാൻ ആവശ്യപ്പെട്ടത് മുൻ ഡി.പി.പി. ശ്രീ. ലോക് നാഥ് ബെഹ്റ തന്നെയാണ്. അതിനുമുമ്പാണ് അദ്ദേഹമവിടെ പോയതെന്നത് ശരിയാണ്. പോയതിനുശേഷമാണ് ഇത്തരമൊരു കത്ത് നൽകുകയും അന്വേഷിക്കുന്നതിനായി ഇന്റലിജൻസിനോട് ആവശ്യപ്പെട്ടതും. ഇന്റലിജൻസിന്റെ അന്വേഷണ റിപ്പോർട്ടിന്റെ ഭാഗമായി കൂടുതൽ അന്വേഷണം വേണമെന്ന് എൻഫോഴ്സ് ഡയറക്ടറേറ്റിനോട് ആവശ്യപ്പെട്ടു.

അത്രയും കാര്യങ്ങൾ നടന്നിട്ടുണ്ട്. നടന്ന കാര്യങ്ങൾ നടന്നതായിട്ട് കാണാം. ഇനി കൂടുതൽ കാര്യങ്ങളെന്തെങ്കിലും കണ്ടെത്താനുണ്ടോയെന്നത് അന്വേഷണത്തിന്റെ ഭാഗമായി നമുക്ക് കണ്ടെത്താം. അന്വേഷണം നടത്തുന്നതിനുതന്നെയാണ് സർക്കാർ തയ്യാറായിട്ടുള്ളത്. ഇത്തരം കാര്യങ്ങൾ അന്വേഷിക്കാൻ കഴിവില്ലാത്തൊരു പോലീസ് അല്ല നമ്മുടെ പോലീസ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതനുസരിച്ചാണെങ്കിൽ മുൻ സംസ്ഥാന പോലീസ് മേധാവി തന്നെയാണ് ഈ അന്വേഷണത്തിനെല്ലാം ശിപാർശ ചെയ്തത്. അങ്ങനെയാണെങ്കിൽ അദ്ദേഹമെന്തിനാണ് പ്രത്യേകമായ സംരക്ഷണം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചത്? ഈ പറഞ്ഞ വ്യക്തിയുടെ വീട്ടിലും കൊച്ചിയിലും അതോടൊപ്പംതന്നെ ചേർത്തലയിലുമെല്ലാം വിപുലമായ പോലീസ് സംവിധാനവും സുരക്ഷാ നടപടികളും ഏർപ്പെടുത്തിയതിന്റെ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിച്ചിട്ടുണ്ടോ?

<u>(ശ്രീ. പിണറായി വിജയൻ)</u>: സർ, അതിന്റെ കാരണത്തിലേയ്ക്ക്

ഞാനിപ്പോൾ പോകുന്നില്ല. നമുക്ക് മനസ്സിലാക്കാവുന്നൊരു കാര്യം സാധാരണഗതിയിൽ ഇത്തരം കാര്യങ്ങൾ പുറത്തുവരുന്ന ഘട്ടത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ അത് മറ്റൊരു തരത്തിലേയ്ക്കെത്തുന്നതിനുവേണ്ടിയുള്ള പോലീസ് സാന്നിദ്ധ്യം, അത് സാധാരണ പോലീസ് എപ്പോഴും സ്വീകരിക്കാറുണ്ട്. അതിന്റെ ഭാഗമായിരിക്കാനാണ് വഴി. ഏതായാലും അത്തരം കാര്യങ്ങളിൽ എന്തെങ്കിലും വീഴ്ച പറ്റിയിട്ടുണ്ടോയെന്നുള്ളത് ഈ അന്വേഷണ ഏജൻസി അന്വേഷിക്കട്ടെ. അന്വേഷണ ഏജൻസിയുടെ അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തട്ടെ. ഏതായാലും ഇക്കാര്യത്തിൽ മറ്റൊന്നും നമുക്കാർക്കും ഉദ്ദേശമില്ല. ഈ തട്ടിപ്പുകാരൻ രക്ഷപ്പെടണമെന്ന് കേരളത്തിൽ ആരും ആഗ്രഹിക്കുന്നില്ല. ആ തട്ടിപ്പുകാരനെതിരെ ഫലപ്രദമായ നടപടികൾ ഇതിനകമെടുത്തിട്ടുണ്ട്. ഇപ്പോഴും അയാൾ കസ്റ്റഡിയിലാണുള്ളത്. അദ്ദേഹത്തിന്റെ ഒരു സ്വാധീനവും ഇക്കാര്യത്തിൽ ഫലിച്ചിട്ടില്ല. വളരെ ശക്തമായ നടപടിതന്നെ പോലീസ് സ്വീകരിച്ചുവരികയാണ്. ഇനിയും അതേ സമീപനമാണുണ്ടാകുക. അക്കാര്യത്തിൽ ഒരാശങ്കയും കേരളീയ സമൂഹത്തിന് ഉണ്ടാകേണ്ടതായിട്ടില്ല. പഴയ കുറേ കാര്യങ്ങൾ ബഹുമാനപ്പെട്ട ശ്രീ. പി. ടി. തോമസ്

പറയുകയുണ്ടായി. അത് ധാരാളം സമയമെടുത്ത് ചർച്ച ചെയ്തിട്ടുള്ളതാണ്. ഞാൻ വീണ്ടും അതിലേയ്ക്ക് ആവർത്തിച്ച് കടക്കുന്നില്ല. അതൊന്നും എവിടെയും സ്വീകരിക്കപ്പെട്ട ഒന്നല്ല എന്നത് ഇനിയെങ്കിലും അദ്ദേഹം മനസ്സിലാക്കണം. അദ്ദേഹം അവസാനം സംസാരിക്കുമ്പോൾ കെ.പി.സി.സി. പ്രസിഡിന്റിനെക്കുറിച്ചെന്തോ പറയുന്നതായി കേട്ടു. അദ്ദേഹത്തിന് എന്താണ് അങ്ങനെയൊരു ഉൾവിളി വരാൻ കാരണമെന്നുള്ളത് എനിക്കറിയില്ല. നിങ്ങളുടെ എന്തെങ്കിലും പ്രശ്നം ഇവിടത്തെ ചിലവിൽ പരിഹരിക്കാൻ നോക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഒറ്റക്കാര്യം കണ്ടാൽ മതി, അരൊക്കെയാണോ തെറ്റ് ചെയ്തിട്ടുള്ളത് അവരിലേക്കെല്ലാം അന്വേഷണത്തിന്റെ ഭാഗമായി നടപടികൾ വരും. ഉപ്പ് തിന്നവർ വെള്ളം കുടിക്കുമെന്ന് പറയുന്നില്ലേ, അത് നടക്കട്ടെ. അതിനുതകുന്ന അന്വേഷണ സംവിധാനമാണുള്ളത്. അന്വേഷണത്തിന്റെ കാര്യത്തിലെന്തെങ്കിലും പ്രത്യേക കുറവോ, മറ്റ് കാര്യങ്ങളോ കാണുന്നുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനുതകുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധവുമാണ്. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവും ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ നാട്ടിൽ ധാരാളം തട്ടിപ്പുകൾ നമ്മൾ കണ്ടിട്ടുണ്ടെങ്കിലും ഇതൊരു അപരിചിതമായ തട്ടിപ്പാണ്, നമുക്ക് പരിചിതമായൊരു തട്ടിപ്പല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ തട്ടിപ്പാണെന്നറിയാതെ പലയാളുകളും അവിടെപ്പോയിക്കാണും, അവരുടെകൂടെ ഫോട്ടോയെടുത്തുകാണും, ആ ചിത്രങ്ങളെല്ലാം വന്നതുമാണ്. ഇവിടെ രണ്ട് രീതിയിലാണ് തട്ടിപ്പ് നടന്നിട്ടുള്ളത്. ഒന്ന് അദ്ദേഹം പ്രാക്ടീസ് ചെയ്യുന്നൊരു ഡോക്ടറാണ്, കോസ്മെറ്റിക്ക് സർജനാണ് എന്നരീതിയിലും രണ്ടാമത്തേത് അദ്ദേഹം ലക്ഷക്കണക്കിനും കോടിക്കണക്കിനും രൂപ മൂല്യമുള്ള പുരാവസ്തുക്കൾ ശേഖരിച്ചുവയ്ക്കുന്ന ആളാണെന്ന രീതിയിലുമാണ്. കോസ്മെറ്റിക്ക് സർജനാണെന്നരീതിയിൽ നടത്തിയ തട്ടിപ്പിൽ ഒരു പ്രാക്ടീസിംഗ് ഡോക്ടറാണെന്ന് കരുതി സിനിമാ താരങ്ങൾ, നമ്മുടെ നാട്ടിലെ സെലിബ്രിറ്റികൾ ഉൾപ്പെടെ അറിയപ്പെടുന്ന ധാരാളം ആളുകൾ ട്രീറ്റ്മെന്റിന് പോയിട്ടുണ്ട്. കോസ്മെറ്റിക് ട്രീറ്റ്മെന്റിന് പോകുന്നത് ഒരു കുറ്റമാണെന്ന് ആരും കരുതുന്നില്ല. നമ്മൾ

പോകുന്നില്ലെങ്കിലും നമ്മുടെ കുടുംബാംഗങ്ങളോ, നമ്മളുമായി ബന്ധപ്പെട്ട ആളുകളോ ഒക്കെ പോകും. ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ഏറ്റവും വലിയൊരു ഇൻഡസ്ട്രിക്കുടെയാണ് കോസ്മെറ്റിക്സ് ഇൻഡസ്ട്രി എന്നുപറയുന്നത്. അത് നിങ്ങൾ അറിയണം. അത് വലിയൊരു കുറ്റംപോലെ, ഒരു കോസ്മെറ്റിക് ട്രീറ്റ്മെന്റിനുവേണ്ടി പലതരത്തിൽ ആളുകൾ പോകും. സ്ത്രീകൾ മാത്രമല്ല പുരുഷന്മാർ ഉൾപ്പെടെയുള്ള ധാരാളം ആളുകൾ പോകും. ഇഷ്ടംപോലെ ഡോക്ടർമാർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഞാനൊരു കാര്യം ചോദിക്കട്ടെ, ഇതൊരു വ്യാജ ഡോക്ടറാണെന്ന് കരുതിയെങ്കിൽ ഈ സെലിബ്രിറ്റീസ് ആരെങ്കിലും കൊണ്ടുപോയി അവരുടെ മുഖം ഈ വ്യക്തിയുടെ അടുത്ത് കൊടുക്കുമോ. നമുക്ക് ഏറ്റവും വിലപിടിപ്പുള്ളതല്ലേ നമ്മുടെ മുഖമെന്ന് പറയുന്നത്? അപ്പോൾ ഉത്തമ വിശ്വാസത്തിൽ (in good faith) ഒരു ഡോക്ടറാണെന്ന് കരുതി ആളുകൾ പോകും. അവരെ രാഷ്ട്രീയത്തിന്റെ പേരിൽ അല്ലെങ്കിൽ വൈരാഗ്യത്തിന്റെ പേരിൽ അപമാനിക്കാനാണ് ശ്രമമെങ്കിൽ തിരിച്ചും അപമാനിക്കാം. ഒരുപാട് തട്ടിപ്പുകാർ ഒരുപാട് ആളുകളുടെ കൂടെനിന്ന് ഫോട്ടോ എടുക്കുന്നുണ്ട്. രാഷ്ട്രീയ നേതാക്കന്മാരായ നമ്മൾ, സെലിബ്രിറ്റീസ് ആയ സിനിമാ താരങ്ങൾ

അവരെല്ലാം പലസ്ഥലത്ത് പോകുമ്പോൾ- ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ചുകൂടി ശ്രദ്ധിക്കാനുണ്ട് ഫോട്ടോ എടുപ്പിക്കാതിരിക്കാൻ വേണ്ടി- പക്ഷേ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള എല്ലാ ആളുകളും ആലോചിക്കേണ്ട കാര്യമാണ്, എല്ലാപേരും ആളുകളുടെ അടുത്തുനിന്ന് ഫോട്ടോ എടുക്കാറുണ്ട്. ഞാൻ നിന്നുകൊടുക്കാറുണ്ട്. വരുന്നയാളുകളുടെ ജാതകം മുഴുവൻ പരിശോധിച്ചിട്ടല്ല നമ്മൾ ഫോട്ടോ എടുക്കുന്നത്. നമ്മൾ ഒരു വിവാഹത്തിൽ പങ്കെടുക്കാൻ പോയാൽ വധൂ-വരന്മാരുടെ തൊട്ടപ്പുറത്തുനിന്ന് നമ്മൾ ഫോട്ടോ എടുക്കും. അതിന്റെ തൊട്ടടുത്ത് വേറെ ആരെങ്കിലും നിൽക്കുന്നുണ്ടാകും.

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിക്കുകയല്ലേ തടസ്സപ്പെടുത്തരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, നാളെ ഏതെങ്കിലും കേസിൽ ഇവർ പ്രതികളായാൽ വരാൻ പോകുന്നത് നമ്മൾ അവരുടെകൂടെ ചിരിച്ചുകൊണ്ടിരിക്കുന്ന ഫോട്ടോ ആയിരിക്കും. നമ്മൾ അവരുമായി ബന്ധമുണ്ടെന്ന് കരുതും. എയർപോർട്ട്, റെയിൽവെ സ്റ്റേഷൻ തുടങ്ങി പല സ്ഥലങ്ങളിലുംവച്ച് ജനപ്രതിനിധികളായ ആളുകൾ നമ്മൾ പലരുടേയും

അടുത്തുനിന്ന് ഫോട്ടോ എടുക്കാറുണ്ട്. നാളെ അവരാരെങ്കിലും ഏതെങ്കിലും തട്ടിപ്പ് കേസിലോ, കഞ്ചാവ് കേസിലോ, ഡ്രഗ്സ് കടത്തിലോ, സ്വർണ്ണ കള്ളക്കടത്ത് കേസിലോ പ്രതികളായാൽ നമുക്കുകൂടി അതിൽ കച്ചവടമുണ്ടെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? മന്ത്രിമാരും മുൻമന്ത്രിമാരും ഇയാളുടെ കൂടെ നിൽക്കുന്ന ഫോട്ടോകൾ വന്നിട്ടുണ്ടെന്ന് വ്യക്തമായി പറയുകയാണ്. ഞങ്ങളാരും ഈ പറയുന്ന മന്ത്രിമാർക്ക് ഇയാളുടെ തട്ടിപ്പുമായി ബന്ധമുണ്ടെന്ന് ആക്ഷേപിച്ചിട്ടില്ല. മാധ്യമങ്ങളിൽ വിചാരണയും ധാരാളം ചർച്ചകളും നടത്തി ഇല്ലാക്കഥകളുണ്ടാക്കുന്നു. പത്തുദിവസം താമസിച്ചില്ലേയെന്ന് ഇപ്പോൾ ഇവിടെ ചോദിച്ചു, നിങ്ങൾ ആരോപണമുന്നയിക്കുന്ന ഒരാളും അവിടെപ്പോയി പത്തുദിവസം താമസിച്ചിട്ടില്ല. അത് പോലീസ് അന്വേഷിക്കുകയല്ലേ? അത് അവർക്കറിയാം, നിങ്ങൾ പോലീസാകേണ്ടതില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായി മറുപടി പറഞ്ഞപ്പോൾ ആരും ബഹളമുണ്ടാക്കിയില്ല. ഇവിടെ Pin drop silence ആയി കേട്ടുകൊണ്ടിരിക്കുകയാണ് ചെയ്തത്. ഞങ്ങൾ പറയുന്ന ഓരോ വാചകത്തിനും കമന്റ് പറയാൻ നിങ്ങളെ ആരെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഞങ്ങൾ

അത് ശ്രദ്ധിക്കാറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ഇടയ്ക്കുകയറി പറയുമെങ്കിലും പറയാതിരിക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ട്. പ്രതിപക്ഷനേതാവെന്ന നിലയിലാണ് ഞാൻ സംസാരിക്കുന്നത്. ഞാൻ സംസാരിക്കുമ്പോൾ ഓരോ വാചകത്തിനും കമന്റ് പറയേണ്ടത് നിങ്ങളല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. മറുപടി പറയാൻ മടിയുള്ള ആളല്ലല്ലോ; അദ്ദേഹം മറുപടി പറയും. നിങ്ങൾ എല്ലാത്തിനും മറുപടി പറയേണ്ട ആവശ്യമില്ല. പൊതുപ്രവർത്തകരുടെ പ്രതിച്ഛായയെന്നത് ഒരുപാട് വർഷക്കാലത്തെ കഠിനാദ്ധ്വാനത്താൽ നേടിയെടുക്കുന്നതാണ്. ആ പ്രതിച്ഛായ ഏതെങ്കിലും തട്ടിപ്പുകാരന്റെ ഫോട്ടോ വന്നതിന്റെ പേരിൽ അപമാനിക്കാനുള്ള സാഹചര്യമുണ്ടാകാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. അതല്ല, ഇപ്പോൾ നമുക്ക് ഉപയോഗിച്ചുകളയാമെന്നാണെങ്കിൽ അത് ചെയ്തോ; ഞങ്ങൾ രാഷ്ട്രീയമായിത്തന്നെ അതിനെ നേരിട്ടോളാം. ഇത് നിയമസഭയിൽ കൊണ്ടുവരാനുള്ള കാരണം ഞങ്ങൾ പറഞ്ഞല്ലോ; ഇതുമായി ബന്ധപ്പെട്ട എല്ലാ അന്വേഷണങ്ങളോടും ഞങ്ങൾ സഹകരിക്കും. ഏത് ഏജൻസി അന്വേഷിച്ചാലും ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്നാണ് ഞങ്ങൾ പ്രധാനമായും ആവശ്യപ്പെടുന്നത്.

6-9-2021-ലാണ് ആദ്യ പരാതി വന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇവിടത്തെ പ്രധാന പ്രശ്നം പോലീസിന് അറിയാമായിരുന്നല്ലോ; ഇയാൾ അന്താരാഷ്ട്ര തട്ടിപ്പുകാരനാണെന്ന് എ.ഡി.ജി.പി. രണ്ട് വർഷം മുൻപ് (2019 മെയ് 18-ാം തീയതി) പോലീസിന് മുന്നറിപ്പ് കൊടുത്തിട്ടുണ്ട്. രണ്ടേകാൽ വർഷത്തിനുമുൻപ് തട്ടിപ്പ് സംബന്ധിച്ച പരാതി നൽകിയതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അത് അന്വേഷിക്കാനായി ഇ.ഡി.-യുടെ അടുത്തും ആ ലെറ്റർ മറ്റുപലയിടത്തും പോയതായി പറഞ്ഞു. സംസ്ഥാനത്തെ ഇന്റലിജൻസിലെ എ.ഡി.ജി.പി., അന്താഷ്ട്ര തട്ടിപ്പുകാരനാണെന്ന് ഒരാളെക്കുറിച്ച് മുന്നറിയിപ്പ് കൊടുത്തിട്ടും സെപ്റ്റംബർ 6-ാം തീയതി പരാതി കിട്ടുന്നതുവരെ പോലീസിലെ എല്ലാവരുംകൂടി ഈ പരാതി എന്ത് ചെയ്യുകയായിരുന്നു? രണ്ടേകാൽ വർഷക്കാലം എന്ത് ചെയ്യുകയായിരുന്നുവെന്നതാണ് ഞങ്ങൾ ഇവിടെ ഉയർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. 2020 ജനുവരിയിൽ സംസ്ഥാന ഇന്റലിജൻസ് ഡീറ്റയ്ൽഡ് റിപ്പോർട്ട് പോലീസിന് കൊടുത്തിട്ടുണ്ട്. ഇത് തട്ടിപ്പാണെന്ന് തെളിയിക്കുന്ന മുഴുവൻ ഡീറ്റയിൽസും നൽകിയിരുന്നു. അതിൽ പറയുന്നത്,

സ്കൂൾ വിദ്യാഭ്യാസം മാത്രമുള്ള മോൻസൺ ഡോക്ടറായി ചമയുകയാണ്, ഇടപാടുകൾ ദുരൂഹമാണ്. ഇറക്കുമതി ചെയ്ത 100 ആഢംബര കാറുകളും രാജ്യത്തെയും വിദേശത്തെയും പെയിന്റിംഗ്, പുരാവസ്തു- കരകൗശല വസ്തുക്കളുമുണ്ട്. ലോകത്ത് പലയിടത്തുനിന്നുമായി വാങ്ങിയ ഇവയെല്ലാം അമൂല്യമാണെന്ന് അയാൾ അവകാശപ്പെടുന്നു. മൂല്യം ഒരുലക്ഷം കോടിയിൽ അധികമായേക്കാം. അന്താരാഷ്ട്ര തട്ടിപ്പുകാരനാണ്. പുരാവസ്തുക്കൾ എന്നുപറയുന്നതിൽ അധികവും ഒറിജിനലല്ല, ചിലത് മോഷ്ടിച്ചവയുമാണ്. വരുമാനത്തിന്റെ സ്രോതസ്സ് വ്യക്തമല്ല. കോടിക്കണക്കിന് രൂപയുടെ നികുതി അടച്ചിട്ടില്ല. 2019 മെയ് 18-ലെ ഇന്റലിജൻസ് റിപ്പോർട്ടിന് 2020 ജനുവരിയിൽ വിശദമായ ഇന്റലിജൻസ് റിപ്പോർട്ട് കൊടുക്കുകയാണ്. ഇതിനെതിരായി ഒന്നും ചെയ്തില്ല. ശ്രീ. പി. ടി. തോമസ് ഇത് അവതരിപ്പിച്ചപ്പോൾ ഒരു ചോദ്യം ചോദിച്ചിരുന്നു. ഇന്റലിജൻസിന്റെ വിശദമായ റിപ്പോർട്ടിൽ ഇയാളുടെ കരകൗശല വസ്തുക്കളും പുരാവസ്തുക്കളും തട്ടിപ്പാണെന്നും ഇയാൾ ഡോക്ടറാണെന്നുമൊക്കെ പറഞ്ഞിട്ടും പോലീസ് ഇയാളുടെ വീടിന് സംരക്ഷണം കൊടുക്കുകയാണ്. നാല് പ്രാവശ്യം ഒരു ദിവസം പട്രോളിംഗ് നടത്തണം. പോലീസ് പട്രോളിംഗ് നടത്തിയെന്ന്

ഉറപ്പുവരുത്താൻവേണ്ടി ഒരു ബോക്സ് വച്ചിട്ടുള്ളതിൽ ഒരു പുസ്തകമുണ്ട്. അതിൽ പോകുന്ന ഉദ്യോഗസ്ഥൻ ഒപ്പുവയ്ക്കണം. അതിനിടയിൽ അയാൾക്ക് എതിരായി ധാരാളം പരാതികൾ വന്നിട്ടുള്ളതിന്റെ വിശദാംശമൊന്നും ഞാനിവിടെ പറയുന്നില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഫെമപ്രകാരം പിടിച്ചുവയ്ക്കപ്പെട്ട പണം തിരികെകൊടുക്കാനായി കെ.പി.സി.സി. പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ആവശ്യപ്പെടുകയും അത് കൊടുക്കുകയും ചെയ്തുവെന്ന പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ പറയുന്ന തീയതിയിൽ അദ്ദേഹം എം. പി. അല്ല. പരാതിതന്നെ തട്ടിപ്പാണ്. എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത് പരാതിക്കാരെക്കുറിച്ച് അന്വേഷിക്കണം. കാരണം, ഇവർ എന്തിനാണ് ഇത്രയും വലിയ തുക കൊണ്ടുപോയി കൊടുത്തത്; ഇത്രയും തുകയ്ക്കുള്ള ഉറവിടം എവിടെനിന്നാണ്? ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചോദിച്ചതിനുവേണ്ടി ഞാൻ പറയുകയാണ്. ഒരു രാഷ്ട്രീയനേതാവിനും ഇതുമായി ബന്ധമില്ലെന്നും ഞങ്ങൾ ഇയാളുടെ കയ്യിൽ നേരിട്ടാണ് പണം കൊടുത്തതെന്നും പരാതിക്കാരൻ ആദ്യമായി ഒരു ടി. വി.

ചാനലിൽ വന്നപ്പോൾ പത്രവാർത്തയുടെ മറുപടിയായി വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഒരു വീഡിയോയിൽ ധാരാളം പേരുടെ പേരുകളാണ് ഇയാൾ ആവർത്തിച്ച് പറയുന്നത്. മറ്റൊരു വീഡിയോയിൽ രാജ്യത്തുള്ള മുഴുവൻ നേതാക്കൻമാരുടെയും പേരുകൾ ഇയാൾ ആവർത്തിച്ച് പറയുന്നുണ്ട്. ഒരു രാഷ്ട്രീയ നേതാവും ഞങ്ങളുടെ ഈ പരിപാടിയുമായി ബന്ധപ്പെട്ടില്ലായെന്ന് ഈ പരാതിക്കാരൻ ഒരു ചാനലിൽ പറയുന്നതിന്റെ റിക്കോർഡ് ചെയ്ത വീഡിയോ ഞാൻ വ്യവസായ വകുപ്പുമന്ത്രിയെ കാണിക്കാം. അതുമാത്രമല്ല, രണ്ടുദിവസം കഴിഞ്ഞശേഷം പരാതി അങ്ങനെതന്നെ മാറ്റുകയാണ്. അവരെക്കുറിച്ചുകൂടി അന്വേഷിക്കണമെന്നാണ് ഞാൻ പറയുന്നത്. കാരണം, ഇവരൊക്കെ നടത്തിയിരിക്കുന്ന കച്ചവടം എന്താണെന്ന് നമ്മൾ അറിയണമല്ലോ; പ്രമുഖനായ നടൻ ശ്രീനിവാസൻ പരാതിക്കാരിക്കുറിച്ച് പരാതി പറഞ്ഞിട്ടുണ്ട്. ഭയങ്കര തട്ടിപ്പുകാരാണ്. അല്ലാതെ ഇയാൾ തട്ടിപ്പുകാരനല്ലെന്നല്ല ഞാൻ പറയുന്നത്. അവസരത്തിനൊത്ത് ഓരോരുത്തരുടെയും പേരുകൾ പറയുമ്പോൾ ആ പേരും പിടിച്ചുകൊണ്ട് നമ്മൾ വരുന്നത് ബുദ്ധിയല്ലെന്നാണ് ഞാൻ പറയുന്നത്. രണ്ട് കൊല്ലത്തിനിടയിൽ പോലീസ് സംരക്ഷണം കൊടുക്കുന്ന,

പോലീസ് റൗണ്ട് ചെയ്യുന്നു, പോലീസ് എന്താണ് പറയുന്നത്? ലക്ഷക്കണക്കിന് കോടി രൂപയുടെ അമൂല്യമായ വസ്തുക്കൾ ഈ വീട്ടിലിരിക്കുന്നതുകൊണ്ടാണ് പോലീസ് സംരക്ഷണം കൊടുക്കുന്നത്. ആ പോലീസ് സംരക്ഷണവും പോലീസുമായുള്ള ബന്ധവുമാണ് ഈ തട്ടിപ്പുകാരിൽ ഏറ്റവും കൂടുതൽ വിശ്വാസ്യതയുണ്ടാക്കിയത്. ഇയാൾ വ്യാജ ഡോക്ടറാണെന്നും ഇയാളുടെ അമൂല്യശേഖരം തട്ടിപ്പാണെന്നും അറിയാമായിരുന്നു. അവിടെ പോയ ആളുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അവിടെ വിശ്വസിച്ചുപോയവരാണ്. ഏത് തരത്തിലാണെങ്കിലും അവിടെപ്പോയ ആളുകൾ കബളിപ്പിക്കപ്പെട്ടവരാണ്. പോലീസ് വന്ന് കൂടെ നിൽക്കുമ്പോൾ അതിന്റെ ക്രെഡിബിലിറ്റി വർദ്ധിക്കുകയാണ്. ഒരു വീട് അടച്ച് മൂടിക്കെട്ടി ഇത്രയും സംവിധാനമുള്ളപ്പോൾ പോലീസ് എന്തിനാണ് സംരക്ഷിക്കുന്നത്? വളരെ വിലപ്പെട്ടയിടത്താണ് അബദ്ധത്തിൽ ആളുകൾ പെടുന്നത്. പോലീസ് കൊടുത്ത വിശ്വാസ്യതയുണ്ട്. ഇതുമായി ബന്ധപ്പെട്ട നിയമങ്ങളുണ്ട്. Antiquities and art treasures Act 1972 -ൽ മുഴുവൻ കാര്യങ്ങളുമുണ്ട്. ഇതൊന്നും പോലീസ് ചെയ്യാത്തതാണ് പ്രശ്നം. അതായത്, ഇങ്ങനെ

സാധനങ്ങൾ സൂക്ഷിക്കണമെങ്കിൽ ലൈസൻസ് വേണം, അതിന് അപേക്ഷ കൊടുക്കുകയും ചെയ്യണം. ലൈസൻസ് കൊടുക്കാൻ ചില നടപടിക്രമങ്ങളുണ്ട്. ഏതെങ്കിലും പുരാവസ്തു നമ്മുടെ കയ്യിലുണ്ടെങ്കിൽ അതിന് രജിസ്ട്രേഷൻ വേണം. അപേക്ഷിക്കാനുള്ള പ്രൊസീഡ്യൂറിന്റെ ഭാഗമായി അതിന്റെ വിശ്വാസ്യത രേഖപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ ആവശ്യമാണ്. നമ്മുടെ നാട്ടിൽ നിയമമുള്ളപ്പോൾ ആ നിയമം ലംഘിച്ച് ഇതെല്ലാം ഒരാൾ ചെയ്യുന്നുവെന്ന് കൃത്യമായി ബോദ്ധ്യമുണ്ടായിട്ടും അയാൾ ചെയ്യുന്നതെല്ലാം ശരിയാണെന്ന് വരുത്തിത്തീർക്കാൻ ഉന്നതരായ പോലീസ് ഉദ്യോഗസ്ഥരാണുള്ളത്. അവിടെ അറിയാതെ പോയവർ വേറെയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. അവർ തട്ടിപ്പിനിരയായി കബളിപ്പിക്കപ്പെട്ടവരാണ്. അറിഞ്ഞുകൊണ്ട് പോയവരിൽ സംസ്ഥാന പോലീസ് സേനയിൽ വലിയൊരു വിഭാഗമുണ്ട്. അന്താരാഷ്ട്ര തട്ടിപ്പെന്ന് അങ്ങയുടെ പോലീസ് തന്നെ പറഞ്ഞ ഒരു തട്ടിപ്പ് അങ്ങയുടെ മുമ്പിൽ വരുമ്പോൾ പ്രഥമ ദൃഷ്ട്യാ ഇതിൽ കുറ്റക്കാരാണെന്നുകണ്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണ്ടേ; ആ ഉദ്യോഗസ്ഥർ ഡിപ്പാർട്ടുമെന്റുകളിൽ ഇരിക്കുമ്പോൾ സത്യസന്ധമായൊരു അന്വേഷണം

അവരെക്കാൾ താഴെയിരിക്കുന്ന ഉദ്യോഗസ്ഥൻമാർ നടത്തിയാൽ അത് നീതിപൂർവ്വമാകുമോയെന്ന് ചോദിച്ചതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. ചില സംശയങ്ങൾ വേണമെങ്കിൽ ഉണ്ടായിക്കോട്ടെ; പുറകിൽനിന്നൊരു കയ്യടി വന്നോട്ടേയെന്ന് കരുതി വളരെ ബുദ്ധിപൂർവ്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില പരാമർശം നടത്തി. ആ പരാമർശങ്ങൾ പുകമറ സൃഷ്ടിക്കുകയാണ്. അങ്ങയെപ്പോലെ ഒരാൾ ഇത് ചെയ്യാൻ പാടില്ലായിരുന്നു. ഒരു പുകമറയുടെയും കാര്യമില്ല. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരനെ സംബന്ധിച്ച് ഏത് ഏജൻസി അന്വേഷണം നടത്താനും തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഒരു കുഴപ്പവുമില്ല. ഞങ്ങൾക്കാർക്കും ആ കാര്യത്തിൽ ഒരു പ്രശ്നവുമില്ല. അതിന്റെ മറവിൽ തട്ടിപ്പുകാരെയും അതിന് കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥരെയും ബന്ധപ്പെട്ട ആളുകളെയും സംരക്ഷിക്കാനുള്ള കൗശലം, അത് ഞങ്ങളോട് വേണ്ടന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ വിഷയം ഗൗരവതരമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഇതിൽ ഉത്തരവാദികളാണെന്ന് ഏത് കൊച്ചുകുഞ്ഞിനും പ്രഥമദൃഷ്ട്യാ മനസ്സിലാകുന്ന ഈ ഉദ്യോഗസ്ഥൻമാർക്കെതിരായി നടപടിയെടുക്കാതെ അവരെ

സംരക്ഷിക്കുന്നതിലും പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പൊളിറ്റിക്കൽ ലീഡർഷിപ്പല്ല സത്യത്തിലിവിടെ പ്രതിക്കൂട്ടിലായിരിക്കുന്നത്. നമ്മുടെ എല്ലാ സംരക്ഷണത്തിന്റെയും ചുമതലയുള്ള ഇന്റലിജൻസ്, അതുപോലെതന്നെ മറ്റു സുരക്ഷിതത്വത്തിന്റെ ചുമതലയുള്ള ആളുകൾ, പോലീസ് എന്നിവർപെട്ടുപോയ വിഷയമാണ്. അവർ പെട്ടുപോയി. അവരിങ്ങനെ പെട്ടുപോയാൽ ബാക്കിയുള്ളവരുടെ കാര്യം എന്താകും? അതാണ് പ്രശ്നം. ഇത്രയും വലിയൊരു തട്ടിപ്പ് നടക്കുമ്പോൾ അതിന് സംരക്ഷണം കൊടുക്കുന്ന സ്ഥിതിയുണ്ടായി. ഇന്റലിജൻസ് പരാജയപ്പെടുകയും പോലീസ് ഇതിനൊക്കെ സംരക്ഷണം കൊടുത്തതുപോലെയുമായി. ആ വിഷയമാണ് പ്രതിപക്ഷം ചർച്ച ചെയ്യണമെന്നു പറയുന്നത്. വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇത് ചർച്ച ചെയ്യേണ്ട ഒരു വിഷയം തന്നെയായിരുന്നുവെന്നുള്ളകാര്യം ഉയർത്തിക്കൊണ്ടും ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ചും ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ഗൗരവതരമായ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് അന്വേഷിക്കും എന്നുപറഞ്ഞ ഭാഗത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ ഇന്റലിജൻസ് സംവിധാനത്തിന്റെയും പോലീസിന്റെയും ഗുരുതരമായ വീഴ്ച തന്നെ ഇവിടെയുണ്ടായി. ഈ വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യേണ്ടിയിരുന്നു. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, വളരെ ഗൗരവമായ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു സംശയത്തിനിടയിലാണ് നാം നിൽക്കുന്നത്. പ്രസ്തുത വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി)